# കരാർ

രണ്ടായിരത്തി പത്ത് .................................... മാസം .............................. തീയി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി ടി സ്ഥാപനത്തിലെ ഡയറക്ടർ ഒന്നാം കക്ഷിയായും ....................................... ജില്ലയിൽ ........................................... താലൂക്കിൽ ................................................................. വീട്ടിൽ .......................................................... മകൻ/മകൾ ........................ വയസ്സുള്ള ................................................................ രണ്ടാം കക്ഷിയായും എഴുതി പിടിപ്പിച്ച കരാർ. നമ്മിൽ ഒന്നാം കക്ഷിയായ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ടിയാന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം, വിപണനം മുതലായവ നടത്തുന്നതിലേക്കായി ഓരോ താലൂക്ക് തലത്തിലും കമ്മീഷൻ വ്യവസ്ഥയിൽ സെയിൽസ് പ്രൊമോട്ടേഴ്സിനെ നിയോഗിക്കുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തുകയും യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാളായ രണ്ടാം കക്ഷിയായ ഞാൻ താഴെപ്പറയുന്ന വ്യവസ്ഥകൾ അംഗീകരിക്കുന്നു.

## സെയിൽസ് പ്രൊമോട്ടേഴ്സിനുള്ള വ്യവസ്ഥകൾ

1. കേരളത്തിലെ ഓരോ താലൂക്കിലും പ്രൊമോട്ടറായി തെരഞ്ഞെടുക്കപ്പെടുന്നവർ നിശ്ചയിക്കപ്പെട്ടിട്ടുള്ള താലൂക്കിൽ മാത്രം പ്രൊമോട്ടർമാരായി പ്രവർത്തിക്കേണ്ടതാണ്.
2. പ്രൊമോട്ടറായി നിയമിക്കപ്പെടുന്നവർ കുറഞ്ഞത് 3000/- രൂപ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.
3. 3000 രൂപ ഡെപ്പോസിറ്റ് ചെയ്യുന്നവർക്ക് 5000 രൂപ മുഖവിലയുള്ള ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ/തളിര് വിൽപനക്കായി നൽകുന്നതാണ്. ഇതിന്റെ കണക്ക് തീർക്കുന്ന മുറയ്ക്കു തുടർന്നും 5000 രൂപയ്ക്കുള്ള പുസ്തകങ്ങൾ നൽകും.
4. പ്രൊമോട്ടർമാർക്ക് 1000/- രൂപയുടെ പുസ്തകങ്ങൾക്ക് 40% കമ്മീഷൻ നൽകും. തളിര് മാസികയ്ക്കു പ്രൊമോട്ടർമാർക്ക് ഒരു മാസം 100 കോപ്പി തളിര് എടുക്കുമ്പോൾ 40% കമ്മീഷൻ നൽകും.
5. പ്രൊമോട്ടർമാർക്ക് തളിര് മാസികയ്ക്കു സ്കൂളുകളിൽ നിന്നും അദ്ധ്യാപകരുടെ സഹായത്തോടെ ഓർഡറുകൾ ശേഖരിച്ച് എല്ലാ മാസവും മാസിക കുട്ടികൾക്ക് എത്തിക്കാവുന്നതാണ്. കൂടാതെ മാസിക വില്പനക്കാർ, പുസ്തക വിതരണക്കാർ, പത്രം ഏജന്റുമാർ എന്നിവർ വഴിയും വില്പന നടത്താവുന്നതാണ്. പുസ്തകങ്ങളും, ഇത്തരത്തിൽ വില്പനക്കാർ വഴിയും സ്കൂളിലും മറ്റും നടത്താവുന്ന ചെറു മേളകൾ വഴിയും വിൽക്കാവുന്നതാണ്.

ഒന്നാം കക്ഷി ഒപ്പ്:

രണ്ടാം കക്ഷി ഒപ്പ്:

Contd....-2/-

6. എന്തെങ്കിലും കാരണവശാൽ ഏറ്റെടുക്കുന്ന പുസ്തകങ്ങളുടെ കണക്കുകൾ തീർപ്പാക്കാതെ വരുകയാണെങ്കിൽ മുൻകൂർ നൽകിയിട്ടുള്ള ഡെപ്പോസിറ്റ് തുക ഇൻസ്റ്റിറ്റ്യൂട്ട് വസൂലാക്കുന്നതാണ്.
7. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് പുസ്തക പ്രചരണ വിപണന സമയത്ത് കൈവശം സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്നവർക്ക് കാണിച്ചു കൊടുക്കേണ്ടതുമാണ്.
8. ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾക്കും തളിരിന് വേണ്ടി ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ ഓർഡർ ക്യാൻവാസ് ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് DD സഹിതം അയച്ച് തരുമ്പോൾ പ്രൊമോട്ടർമാർക്ക് അർഹതപ്പെട്ട കമ്മീഷൻ നൽകുന്നതാണ്. (സ്ഥാപനങ്ങൾക്ക് നൽകുന്ന അർഹമായ കമ്മീഷൻ കഴിച്ചുള്ള പ്രൊമോട്ടർ കമ്മീഷൻ പ്രൊമോട്ടർമാർക്ക് നൽകുന്നതാണ്). ഉദാഹരണത്തിന് പുസ്തകങ്ങൾ വാങ്ങുന്ന സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന കമ്മീഷൻ 25 ശതമാനമാണെങ്കിൽ 15 ശതമാനം കമ്മീഷൻ ഓർഡർ ശേഖരിച്ച് പ്രൊമോട്ടർക്ക് ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്നതാണ്.
9. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾക്കുവേണ്ടി ഓർഡർ ശേഖരിയ്ക്കുമ്പോൾ യാതൊരു കാരണവശാലും നേരിട്ട് പണം ശേഖരിക്കുവാൻ പാടില്ലാത്തതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായിട്ട് വേണം തുക സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാൻ.
10. പ്രൊമോട്ടർമാരുടെ രജിസ്ട്രേഷൻ നിലനിൽക്കണമെങ്കിൽ ഒരു വർഷം ഏറ്റവും ചുരുങ്ങിയത് 50,000/- രൂപ മുഖവിലയുള്ള പുസ്തകങ്ങളും പ്രതിമാസം 100 കോപ്പി തളിര് മാസികയും വില്പന നടത്തേണ്ടതാണ്.
11. പ്രൊമോട്ടറായി നിയമിക്കപ്പെടുന്നവർ 50 രൂപ വിലയുള്ള മുദ്രപത്രത്തിൽ ഇൻസ്റ്റിറ്റ്യൂട്ടുമായി കരാറിലേർപ്പെടേണ്ടതാണ്.
12. പ്രൊമോട്ടർമാർക്കും പ്രൊമോട്ടർ നൽകുന്ന ഓർഡറുകൾ അനുസരിച്ചുള്ള പുസ്തകങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് സെയിൽസ് കൗണ്ടറിൽ നിന്ന് നേരിട്ടും അല്ലാതുള്ളവ ടുപേ (Topay) വ്യവസ്ഥയിൽ സമീപത്തുള്ള സ്ഥലത്ത് റോഡ്‌വേ പാഴ്സലായും അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ട് വാഹനത്തിൽ നേരിട്ടും എത്തിക്കുന്നതാണ്.
13. പ്രൊമോട്ടർമാർ പ്രൊമോട്ടർ വ്യവസ്ഥകൾ നിർബന്ധമായി പാലിച്ചിരിക്കേണ്ടതും ഏതെങ്കിലും തർക്കമുണ്ടായാൽ വ്യവഹാരം തിരുവനന്തപുരത്തെ കോടതിയിൽ മാത്രമായിരിക്കുന്നതുമാണ്.
14. ഈ കരാറിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ ഇൻസ്റ്റിറ്റ്യൂട്ടിന്റെ യശസ്സിനോ താല്പര്യങ്ങൾക്കോ കോട്ടം തട്ടുന്ന വിധത്തിൽ എന്തെങ്കിലും പ്രവർത്തികൾ പ്രൊമോട്ടറിൽ നിന്നും ഉണ്ടാവുകയോ ചെയ്യുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ പ്രൊമോട്ടർ സ്ഥാനം റദ്ദാക്കുന്നതിനുള്ള പൂർണ്ണ അധികാരം ഒന്നാം കക്ഷിക്കുണ്ടായിരിക്കുന്നതാണ്.

ഒന്നാം കക്ഷി:-

ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

രണ്ടാം കക്ഷി:-

പേര്, ഒപ്പ് :
വീട്ടുപേര് :
വിലാസം :
താലൂക്ക് :
ജില്ല :

സാക്ഷികൾ
ഒന്നാം കക്ഷിക്ക് വേണ്ടി
സാക്ഷികൾ 1.
2.

രണ്ടാം കക്ഷിക്ക് വേണ്ടി
സാക്ഷികൾ 1.
2.